9 -ാം വർഷം
2025
സെപ്റ്റംബർ 28
സ്ലീവാ മൂന്നാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# ഉൾക്കൊള്ളുക

ഏശ 26:1-11, ഫിലി 4:4-9, മത്താ 15:21-28

പൊതുവെ ഉള്ളതിൽ നിന്ന് ഒരല്പം വ്യത്യസ്തമായ തർക്കശബ്ദവും പ്രകോപനപരമായ സംസാരരീതിയും യേശുവിന്റെ പ്രതികരണത്തിൽ പ്രകടമാകുന്നത് കൊണ്ട് വേറിട്ട് നിൽക്കുന്ന സുവിശേഷഭാഗമാണ് 'കാനൻകാരിയുടെ വിശ്വാസം'. അപ്പന്റെ സ്നേഹവും കൃപയും സഹോദരനോട് നിർബന്ധപൂർവം ചോദിച്ച് വാങ്ങുന്ന മകളുടെ ശബ്ദം ആണത്.

'എന്താണ് ദൈവകൃപക്കുള്ള അർഹത' എന്നൊരു ചോദ്യത്തിന് ഇന്നത്തെ സുവിശേഷ ഭാഗം അത് 'വിശ്വാസത്തോടെയുള്ള പ്രാർത്ഥനക്ക് ഉത്തരമാണ് ദൈവകരുണ' എന്ന മറുപടിയാണ് നൽകുന്നത്. രണ്ട് കാര്യമുണ്ട് അതിൽ. ഒന്ന്, വിശ്വാസം. രണ്ട്, പ്രാർത്ഥന. മറ്റെല്ലാ അയോഗ്യതകളെയും ഇവ രണ്ടും മറികടക്കുന്നു. ഈ കാനൻകാരി അതാണ് തെളിയിക്കുന്നത് . ചോദിക്കുമ്പോൾ ഉടൻ എല്ലാം ലഭിച്ച് ശീലിക്കുന്ന ഒരു തലമുറക്ക് ഇത് അത്ര സ്വീകാര്യമാവണമെന്നില്ല എന്നൊരു വെല്ലുവിളി ഇന്ന് വിശ്വാസവും പ്രാർത്ഥനയും നേരിടുന്നുണ്ട്. അവിടെ ഈ സ്ത്രീയുടെ അചഞ്ചലമായ വിശ്വാസ തീക്ഷ്ണത നമ്മെ അത്ഭുതപ്പെടുത്തുന്നു.

### ഉൾക്കൊള്ളലാണ് ഒഴിച്ച് നിർത്തലല്ല യേശു ദർശനം.

ദൈവകൃപയിൽ എല്ലാ സൃഷ്ടികളും പങ്കുകാരാണ്. 'ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ് നേഹത്തിൽനിന്നുള്ള സാന്ത്വനമോ ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട്, ഒരേ സ് നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ള വരായി എന്റെ സന്തോഷം പൂർണമാക്കുവിൻ. (ഫിലിപ്പി



അഡ്വ. ലിറ്റോ പാലത്തിങ്കൽ

2.1) നമ്മെ തേടിവരുന്ന, നമ്മിൽ നിന്ന് നന്മ ആവശ്യപ്പെടുന്ന ആരെയും ഒന്നിനെയും ഒരു സൃഷ്ടിയെയും എന്ത് കാരണത്താലും മാറ്റി നിർത്താനോ തള്ളിപറയാനോ പാടില്ല എന്ന വ്യക്തമായ സന്ദേശം യേശു ഇന്നത്തെ സുവിശേഷത്തിൽ നൽകുന്നു. ഇതര നാട്ടുകാരെയും ഇതര ഭാഷക്കാരെയും ഇതര മതവിശ്വാസികളെയും അന്യരായി കാണുന്ന രീതി ക്രിസ്തീയമല്ല എന്ന് നാം പലപ്പോഴും മറന്ന് പോകുന്നുണ്ട്. വിജാതീയരുടെ അപ്പസ്തോലനായ പൗലോസ് എഫെസോസുകാരോട് പറയുന്നു; (3:6), ‘ ഈ വെളിപാടനുസരിച്ച് വിജാതീയർ കൂട്ടവകാശികളും ഒരേ ശരീരത്തിന്റെ അംഗങ്ങളും സുവിശേഷത്തിലൂടെ യേശുക്രിസ്തുവിൽ വാഗ്ദാനത്തിന്റെ ഭാഗഭാക്കുകളുമാണ്.‘ അതായത് യേശുവിൽ നിന്നുള്ള അനുഗ്രഹം, കൃപാവർഷം ജാതി മത വർഗ ഭേദമന്യേ എല്ലാവർക്കും ലഭ്യമാണ്.

എത്ര കുറവാണെങ്കിലും അതിനെ പതിന്മടങ്ങ് വർധിപ്പിക്കാൻ കഴിവുള്ള യേശുവിന്റെ മുന്നിൽ മേശയിൽ നിന്ന് തെറിച്ച് വീഴുന്ന അപ്പക്കഷണമെങ്കിലും തനിക്ക് തന്ന് കൂടെ എന്നൊരു മറുചോദ്യം കാനൻകാരി ഉന്നയിക്കുന്നുണ്ട്. ദിവ്യകാരുണ്യം എന്നാൽ അത് മനുഷ്യന്റെ എല്ലാ തരത്തിലും ഉള്ള  ദാഹം തീർക്കുന്ന ഒരു സ്രോതസ്സ് ആണെന്ന് വെള്ളം കോരാൻ വന്ന സമരിയക്കാരിയുടെ അനുഭവവും വീഞ്ഞായി മാറിയ കാനായിലെ കല്യാണ വിരുന്നിലെ വെള്ളവും നമ്മെ പഠിപ്പിച്ചിട്ടുണ്ട് .

ദൈവ നിശ്ചയത്തിൽ ഉണ്ടാവുന്ന പ്രതിസന്ധികളും കുറവുകളും മറികടക്കാൻ ശ്രമിക്കുന്ന വിശ്വാസ തീക്ഷ്ണതയുള്ള മനുഷ്യന് അവന്റെ സൃഷ്ടാവായ ദൈവത്തോട് തന്നെ അവ പരിഹരിക്കാനുള്ള കാര്യങ്ങളും ചോദിച്ച് വാങ്ങാൻ അർഹതയുണ്ട് എന്നൊരു സന്ദേശവും ഈ സുവിശേഷഭാഗം നൽകുന്നുണ്ട്. ആ വിശ്വാസ തീക്ഷ്ണത തന്നെയാണ് ഇന്നിന്റെ ഈ ലോകത്തിന്റെ ആവശ്യവും.

*(കേരള ഹൈക്കോടതി അഭിഭാഷകനും സാമൂഹ്യ പ്രവർത്തകനുമാണു ലേഖകൻ)*



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com